# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 428 21.03.2018-ൽ മറുപടിയ്ക്ക്

### ഗൾഫ് രാജ്യങ്ങളിൽ നിന്ന് തിരിച്ചുവരുന്നവർക്ക് സ്വയം തൊഴിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് രാജ്യങ്ങളിൽ സാമ്പത്തിക പ്രതിസന്ധിമൂലം ഏർപ്പെടുത്തിയ നിതാഖത്ത് സംവിധാനത്തെ തുടർന്ന് തിരിച്ചുവരുന്നവരെ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സജ്ജരാക്കുന്ന വിധത്തിൽ പ്രത്യേക മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം നല്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ; | (എ) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി മൂലവും, സൗദി അറേബ്യയിൽ സ്വദേശീവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായും പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ട സാഹചര്യം സംജാതമായിട്ടുണ്ട്. ഇത്തരത്തിൽ തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. ഒരു വ്യക്തിയ്ക്ക് പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്.<br>ഈ പദ്ധതിയിൻകീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്റ്റ് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾ അനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സഹായിച്ചു വരുന്നു. ആവശ്യമായ വൈദഗ്ധ്യം ഇല്ലാത്തതു കാരണം ഒരു സംരംഭം തുടങ്ങാൻ സാധിക്കാത്ത ആളിന് പ്രസ്തുത ട്രെയിനിംഗിലൂടെ ലഭിക്കുന്ന അറിവ് പ്രയോജനപ്പെടുത്തി സ്വയം തൊഴിൽ ചെയ്ത് വരുമാനം ഉണ്ടാക്കാൻ സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | പ്രവാസി നിക്ഷേപ ബോർഡ് സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഇല്ല നിർദ്ദേശം പരിശോധിക്കാവുന്നതാണ്. |
| (സി) | ലോക കേരള സഭ സംഘടിപ്പിക്കുക വഴി പ്രവാസികളുടെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ ? | സി) | ഉണ്ട്.<br>ലോക കേരള സഭയിൽ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അവസരമുണ്ട്. കൂടാതെ വിവിധ മേഖലകളിൽ വിദഗ്ദ്ധരുടെ സാന്നിദ്ധ്യം വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പഠനത്തിന് സഹായിക്കും. അതോടൊപ്പം കേരളത്തിന്റെ തനത് സാഹചര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**